**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1060** **05.03.2020 -ൽ മറുപടിയ്ക്ക്**

**ടി.ടി.സി/ഡി.എഡ് കോഴ്സുകളുടെ സിലബസിൽ വന്ന മാറ്റങ്ങൾ**

ചോദ്യം

**ഉത്തരം**

**ശ്രീ.കെ.എൻ.എ ഖാദർ**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) സർക്കാരിന്റെ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മുതൽക്കൂട്ടാകുന്നതിന് ഉതകുന്ന രീതിയിൽ നിലവിലുണ്ടായിരുന്ന ടി.ടി.സി/ഡി.എഡ് കോഴ്സുകളുടെ സിലബസിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്ന് വിശദമാക്കാമോ;

എ) 1. എൻ.സി.ടി.ഇ നിർദ്ദേശപ്രകാരം പരിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയ ഡി.എൽ.എഡ്. കോഴ്സിലെ ആകെ സാധ്യായ ദിവസങ്ങളുടെയും ആകെ സ്കോറിന്റെയും 25% സ്കൂൾ അനുഭവ പരിപാടികൾക്കായി (ഇന്റേൺഷിപ്പ്) മാറ്റി വെച്ചു.

2. വിവരവിനിമയ സാങ്കേതിക വിദ്യ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഉൾച്ചേർന്ന വിദ്യാഭ്യാസം (302) എന്ന പേപ്പറിൽ അർഹമായ പരിഗണനയോടെ ഉൾപ്പെടുത്തി.

4. പഠനയാത്ര, സമൂഹസമ്പർക്ക സഹവാസ ക്യാമ്പ് എന്നിവയുടെ സംഘാടനത്തിലും, വിലയിരുത്തലിലും കാലോചിതമായ മാറ്റം വരുത്തി.

5. ഒന്നാം സെമസ്റ്ററിലും, രണ്ടാം സെമസ്റ്ററിലും അഞ്ച് ദിവസം വീതവും മൂന്നും നാലും സെമസ്റ്ററുകളിൽ 45 ദിവസം വീതവും ആകെ 100 ദിവസം സ്കൂൾ അനുഭവ പരിപാടികൾക്കായി വിഭജിച്ചു.

6. ഡി.എൽ.എഡ്.വിദ്യാർത്ഥികളുടെ റഫറൻസിനായി എല്ലാ വിഷയങ്ങൾക്കും പഠന പിന്തുണാസഹായി തയ്യാറാക്കി എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്.

ബി) ഈ പരിഷ്ക്കരിച്ച സിലബസ് പ്രകാരം വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി യിട്ടുണ്ടോ;

ബി) ഇല്ല. 2020 എപ്രിലിൽ ആദ്യബാച്ച്പൂർത്തിയാകും.

സി) പഴയ ടി.ടി.സി/ഡി.എഡ് ബാച്ചുകളിൽ മാത്സ്/സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിൽ ഓപ്ഷണലായി പഠിച്ച വിദ്യാർത്ഥികളെക്കാൾ ഓപ്ഷനുകൾ ഇല്ലാതെ എല്ലാവിഷയങ്ങളും ഒരുപോലെ പഠിച്ച് 2020 വർഷത്തിൽ പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ പുറപ്പെടുവിച്ച എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സി) ഡി.എഡ്.കോഴ്സിൽ സോഷ്യൽ സയൻസ്, ഗണിതം, സയൻസ് എന്നിങ്ങനെ ഓപ്ഷണൽ വിഷയങ്ങളുണ്ടായിരുന്നു. കുട്ടികൾ ഇതിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് പഠിച്ചാൽ മതിയായിരുന്നു. എന്നാൽ പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകരാവുന്നവർ എല്ലാ വിഷയവും കൈകാര്യം ചെയ്യേണ്ടതുണ്ട്. എന്നതിനാൽ എല്ലാ വിദ്യാർത്ഥികളും എല്ലാ വിഷയങ്ങളും പഠിക്കണമെന്ന് ഗവേഷണ പഠനത്തിലൂടെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ്.ഡിഎൽ.എഡ് കോഴ്സ് ആരംഭിച്ചപ്പോൾ ഓപ്ഷണൽ സമ്പ്രദായം ഇല്ലാതായത്. ഈ കാരണം കൊണ്ട് എൽ.പി, യു.പി അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ സാധിക്കാതെ വരില്ല.

സെക്ഷൻ ഓഫീസർ